(ബി) വായ്പാ മേഖലയിൽ 4.16%, മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് മേഖലയിൽ 33.85%, കൺസ്യൂമർ മേഖലയിൽ 10.68%, ആശുപത്രി മേഖലയിൽ 35.06%, എസ്. സി./എസ്. റ്റി മേഖലയിൽ 22.32%, വിദ്യാഭ്യാസ മേഖലയിൽ 7.78%, ലേബർ കോൺട്രാക്ട് മേഖലയിൽ 29.25%, വനിതാ മേഖലയിൽ 23.11%, മറ്റു മേഖലയിൽ 25.21%-ഉം സംഘങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന്റെ ആദ്യ പടിയായി സംഘം സെക്രട്ടറി/പ്രസിഡന്റ് മാർക്കുവേണ്ടി വർക്ക്ഷോപ്പുകൾ നടത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവർത്തന സാദ്ധ്യത ഉണ്ടെന്ന് സഹകരണ രജിസ്ട്രാർക്ക് ബോധ്യമായാൽ മാത്രമേ സംഘം രജിസ്റ്റർ ചെയ്യുകയുള്ളൂ.

## ലോഹനമണലിൽ അടങ്ങിയ മൂലകങ്ങൾ

*8 [609] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
„ തിരുവഞ്ചൂർ രാധാകൃഷ്ണൻ:
„ ടി. വി. ചന്ദ്രമോഹൻ:
„ ഡി. സുഗതൻ:
„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ലോഹനമണലിൽ എന്തെല്ലാം തരത്തിലുള്ള മൂലകങ്ങൾ അടങ്ങിയിട്ടുണ്ട്;

(ബി) അവയിൽ നിന്ന് എന്തെല്ലാം വിധത്തിലുള്ള മൂലകങ്ങൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ വേർതിരിച്ചെടുക്കുന്നുണ്ട്;

(സി) ബാക്കി മൂലകങ്ങൾ വേർതിരിച്ചെടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) അവ വേർതിരിച്ചെടുക്കുന്നത് ലാഭകരമാണോ എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) മോണൈസൈറ്റ്, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, ഗാർനെറ്റ്, സിലിമനൈറ്റ്, ല്യൂക്കോക്സീൻ എന്നിവയാണ് സംസ്ഥാനത്തെ ലോഹനമണലിൽ അടങ്ങിയിട്ടുള്ള പ്രധാന ഘടകങ്ങൾ.

(ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ. എം. എം. എൽ. ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്നതിലേക്ക് ഇൽമനൈറ്റ് വേർതിരിച്ചെടുക്കുന്നുണ്ട്. ഇതുകൂടാതെ സിർക്കോണും റൂട്ടൈലും വേർതിരിച്ചെടുക്കുന്നുണ്ട്.

(സി) ഗാർനൈറ്റ് ഒഴികെ മറ്റെല്ലാ മൂലകങ്ങളും ഐ. ആർ. ഇ. എൽ.-ൽ വേർതിരിക്കുന്നുണ്ട്. ഗാർനൈറ്റ് വേർതിരിച്ചെടുക്കുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

## സഹകരണ ബാങ്കുകൾ വഴി വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിനുള്ള പദ്ധതി

*9 [610] ശ്രീ. എ. കെ. മണി:
" കെ. സി. ജോസഫ്:
" അടൂർ പ്രകാശ്:
" വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ ലോൺ കൊടുക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകൾക്കും ജില്ലാ സഹകരണ ബാങ്കുകൾക്കും എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ ബാങ്കുകൾക്ക് ഇത്തരം പരിപാടികളില്ലാത്തപക്ഷം പ്രസ്തുത ബാങ്കുകളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥികളുടെ പ്രോഹഷണൽ വിദ്യാഭ്യാസത്തിന് അഞ്ച് വർഷ കാലാവധിക്ക് പരമാവധി 1,50,000 രൂപ വരെ വായ്പ നൽകുന്നുണ്ട്. ഇപ്രകാരം നൽകുന്ന വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്ന നിരക്കിലുള്ള പലിശ ബാധകമാണ്.

(സി) ചോദ്യം പ്രസക്തമല്ല.

## ജില്ലാ/അന്തർജില്ലാ റൂട്ട് രൂപവത്ക്കരണം

*10 [611] ശ്രീ. സാജു പോൾ:
" വി. ചെന്താമരാക്ഷൻ:
" മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ/അന്തർജില്ലാ തലത്തിൽ മോട്ടോർ വാഹന വകുപ്പ് റൂട്ട് രൂപവൽക്കരണ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) റൂട്ട് രൂപവൽക്കരണ നടപടികളുടെ ഉദ്ദേശ്യം എന്താണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത നടപടി മുഖേന ബസ്സുകളുടെ എണ്ണം കുറയ്ക്കുക എന്ന ഉദ്ദേശ്യമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly